# Malayala Manorama

## 20 August 2018

## Kochi, Kerala Flood 1924

# 1924ന്

## ഒപ്പമെത്തിയില്ല പ്രളയജലം

കൊച്ചി● 1924 ജൂലൈയിലെ പ്രളയത്തോളം ഇപ്പോഴത്തെ വെള്ളപ്പൊക്കത്തിൽ ജലനിരപ്പ് ഉയർന്നില്ലെന്നു സൂചന. '99 ലെ വെള്ളപ്പൊക്കം 'എന്ന് അറിയപ്പെടുന്ന അന്നത്തെ പ്രളയത്തിന് വെള്ളമുയർന്നത് പെരിയാർ തീരത്തെ പുതിയേടം പാർഥസാരഥി ക്ഷേത്രത്തിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഇത്തവണത്തെ വെള്ളപ്പൊക്കത്തിൽ പെരിയാർ തീരം കിലോമീറ്ററുകളോളം ഉള്ളിലേക്കു നിറഞ്ഞുകവിഞ്ഞെങ്കിലും ഈ അടയാളത്തിന് ഒപ്പം എത്തിയില്ല.

ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ ഗോപുരത്തിന്റെ മുൻവശത്ത് കരിങ്കല്ലിൽ കൊത്തിയാണ് '99 ലെ വെള്ളത്തിന്റെ നിരപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. കൊച്ചി രാജകുടുംബത്തിന്റെ കുടുംബ ക്ഷേത്രങ്ങളിലൊന്നാണിത്. ജില്ലയിൽ പുരാതനമായ ചില വീടുകളുടെ മച്ചിൻപുറത്തും ഇത്തരം രേഖപ്പെടുത്തലുകളുണ്ട്. ആ പ്രദേശങ്ങളിലേക്കും ഇത്തവണ വെള്ളമെത്തിയില്ല.




കൊല്ലവർഷം 1099 ലെ വെള്ളപ്പൊക്കത്തിന്റെ അടയാള രേഖ പുതിയേടം പാർഥസാരഥി ക്ഷേത്രത്തിന്റെ ഭിത്തിയിൽ കല്ലിൽ കൊത്തിവച്ചിരിക്കുന്നു.